## ചേക്കുട്ടിപ്പാപ്പയുടെ ശല്യം

വളരെ വിഷമത്തോടും സങ്കടത്തോടും കൂടിയാണ് ഈ എഴുത്ത്. 18 വയസ്സായ എന്റെ മകളുടെ വിവാഹം കഴിഞ്ഞിട്ട് 8 മാസമായി. ഭർത്താവ് വിദേശത്താണ്. വിവാഹബന്ധം അത്ര സുഖകരമല്ല. വിവാഹംകഴിച്ച് അയക്കുന്നതിനുമുമ്പ് അവൾക്ക് അപസ്മാരം (ഇളക്കം) ഉണ്ടായിട്ടുണ്ട്. അസുഖം വരുന്നതിന്റെ ലക്ഷണം ശരിക്കും നമുക്ക് അറിയാൻ സാധിക്കും. മുഖവും കണ്ണുകളും എല്ലാം ചുമന്ന് തുടുക്കും. പല്ലുകൾ കടിച്ച് ശരീരം വില്ലുപോലെ പിന്നോട്ടുവളയുകയും , ഒന്നിനോടും ബന്ധമില്ലാത്തവ (അവർ ചേക്കുട്ടിപ്പാപ്പയെ അയച്ചു, മറ്റുള്ളവർ ജിന്നിനെ അയച്ചു എന്നിങ്ങനെ) സംസാരിക്കും.കിതപ്പ്, അട്ടഹാസം എന്നിവ പുറപ്പെടുവിക്കും. കുറച്ചുകഴിഞ്ഞാൽ എല്ലാം ശരിയാവുകയും ചെയ്യും. ഈ കുട്ടിക്ക് ഇങ്ങനെയൊരു അസുഖമുണ്ടായതായി തന്നെ തോന്നുകയില്ല.

ഞങ്ങൾ പല മന്ത്രവാദികളേയും ഡോക്ടർമാരേയും കാണിച്ചു. മന്ത്രവാദചികിത്സകൾ നടത്തുകയും ചെയ്തു. പിന്നീട് കുറേകാലത്തേക്ക് അസുഖമൊന്നുമുണ്ടായിരുന്നില്ല.അങ്ങനെയാണ് 8 മാസം മുമ്പ് അവളെ വിവാഹം ചെയ്തയച്ചത്. കുട്ടി അത്യാവശ്യം സൗന്ദര്യവും ആരോഗ്യവും ഉള്ളവളാണ്. ഭർതൃവീട്ടുകാർ സാമ്പത്തികമായി തരക്കേടില്ലാത്തവർ തന്നെ. അവരും ഭർത്താവും ഈ കുട്ടിയോട് നല്ലനിലയിൽ പെരുമാറിയിരുന്നു. ഈ സാഹചര്യത്തിലാണ് അവളുടെ ഭർത്താവ് വിദേശത്തേക്കുപോകുന്നത്. (നാലു മാസം ഒന്നിച്ചു താമസിച്ചിരുന്നു) തുടർന്ന് ഭർതൃവീട്ടിലും ഇവിടെയുമായി അവൾ യാതൊരു പ്രശ്നവുമില്ലാതെ കഴിഞ്ഞുകൂടി.

കഴിഞ്ഞമാസം ആദ്യത്തിലാണ് അവൾ ഭർത്താവിന്റെ വീട്ടിലേക്ക് പോയത്. അവിടുന്ന് നേരത്തെയുണ്ടായിരുന്ന അസുഖം വീണ്ടും തുടങ്ങി. അന്നുതന്നെ അമ്മായിയമ്മയും അമ്മോശനും കുട്ടിയെ വീട്ടിൽ കൊണ്ടുവന്ന് വിട്ടു. വീണ്ടും നേരത്തെപ്പോലെ ഇളകുകയും പലതും വിളിച്ചുപറയുകയും ചെയ്തു. ഭർത്താവിന്റെ വീട്ടുകാരിലാരോ സ്വത്ത് സംബന്ധമായി കലഹിച്ചതിന്റെ പേരിൽ അവർ അയച്ചതാണെന്ന് ഇളക്കത്തിനിടെ ഇവൾ പറഞ്ഞിരുന്നു. അൽപ്പം കഴിഞ്ഞപ്പോൾ എല്ലാം ശരിയായി.





ഏതായാലും നേരത്തെ കാണിച്ച മന്ത്രവാദിയുടെ അടുക്കൽ ഞങ്ങൾ വീണ്ടും പോയി. കുട്ടി ഇളകിപ്പറയുന്നതുപോലെ ആരോ അയച്ചതാണ്. ഏതായാലും മാറ്റിത്തരാമെന്ന് അദ്ദേഹം പറഞ്ഞു. ധാരാളം പണവും കൊടുത്തു. മുമ്പും ഇങ്ങനെ പണം കൊടുത്തിട്ടുണ്ട്. അന്നെല്ലാം ഇനി ഒരു കുഴപ്പവും ഉണ്ടാവുകയില്ലെന്നും പറഞ്ഞിരുന്നു. അതുപ്രകാരം വീണ്ടും അസുഖം ഉണ്ടായത് എങ്ങനെയാണെന്ന് ചോദിച്ചപ്പോൾ മന്ത്രവാദി പറയുന്നത് അവർ ഇടക്കിടെ ഉപ്പാപ്പയെ അയച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ഇത് തടഞ്ഞുനിർത്താൻ സാധിക്കില്ലെന്നും വേണമെങ്കിൽ തിരിച്ച് അങ്ങോട്ടും ഉപ്പാപ്പയെ അയക്കാമെന്നും അയാൾ പറഞ്ഞു.

ഞങ്ങളിന്ന് ആകെ ആശങ്കയിലാണ്. മന്ത്രവാദി പറയുന്നതുപോലെ ഉപ്പാപ്പയെ അങ്ങോട്ടും അയക്കുന്നത് ഇസ്‌ലാമികമായി തെറ്റായതിനാൽ എനിക്ക് താൽപ്പര്യമില്ല. ഭർത്താവിന്റെ വീട്ടിൽ നിന്ന് ആരെങ്കിലും വന്നാൽ അവൾക്ക് ഭയവും വെപ്രാളവും, ഒരു പ്രത്യേക ഭാവമാറ്റവുമാണ്. അതുകാരണം അവളെ പറഞ്ഞയച്ചിട്ടില്ല. അവളെപ്പോഴും ഒറ്റക്ക് ചിന്തിച്ചുകൊണ്ടിരിക്കും. മാനസികമായി തകർന്നിരിക്കുന്നു. ഭക്ഷണത്തിനും താൽപ്പര്യമില്ല.

എന്റെ മകൾക്കിനി നല്ലൊരു ജീവിതമുണ്ടാകില്ലേ? ഈ വിപത്തിൽനിന്ന് അവളെ രക്ഷിക്കാൻ ഒരു മാർഗം അറിയിച്ചുതരണമെന്ന് താൽപ്പര്യപ്പെടുന്നു.

**ഫാത്തിമ**

നിങ്ങളുടെ മകളുടെ ദയനീയസ്ഥിതി കത്തിൽനിന്ന് മനസ്സിലാകുന്നു. കത്തിൽ എഴുതിയതുപോലെ അപസ്മാരരോഗമല്ല അവളുടേത്. എന്തെങ്കിലും മനോവിഷമത്തെ തുടർന്ന് ഉത്ഭവിക്കുന്ന ഹിസ്റ്റീരിയ എന്ന രോഗമാണ്. അപസ്മാരരോഗിയാണെങ്കിൽ രോഗസമയത്ത് ബോധമറ്റ് വീഴുകയും കൈകാലിട്ടടിക്കുകയും വായിലൂടെ നുര വരികയുമൊക്കെ ചെയ്യും. എന്നാൽ തന്നിലുള്ള പ്രയാസങ്ങളും വിഷമങ്ങളും മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കാൻ കഴിയാതെ വരുമ്പോൾ അവരുടെ

മനസ്സ് നടത്തുന്ന ഒരു പ്രതിപ്രവർത്തനമാണ് നിങ്ങളുടെ മകളിൽ കാണുന്നത്.

സ്ത്രീകളിലും കുട്ടികളിലും മാത്രം കാണപ്പെടുന്ന ഒരു രോഗമാണ് ഹിസ്റ്റീരിയ. മാനസിക വളർച്ച നേടിയിട്ടില്ലാത്ത അപൂർവം ചില പുരുഷന്മാരിലും ഇത് കാണപ്പെടുന്നു. മാനസിക പ്രതിരോധശേഷിയുടെ കുറവും ബുദ്ധിമാന്ദ്യവുമാണ് ഇതിന്റെ പ്രധാനകാരണങ്ങളെന്നുപറയാം.

നിങ്ങളുടെ മകൾക്ക് എന്തോ മാനസികവിഷമം മൂലം വിവാഹത്തിനുമുമ്പ് പലപ്രാവശ്യം ഈ അസുഖമുണ്ടായിരിക്കാം. വിവാഹശേഷം ഭർത്താവ് വിദേശത്തേക്കുപോയതിലുള്ള വിരഹദുഃഖമാവാം വീണ്ടും അവളെ രോഗഗ്രസ്തയാക്കിയിരിക്കുന്നത്. പ്രശ്നങ്ങളെ നേരിടാൻ കഴിയാതെ വഴിമുട്ടിനിൽക്കുകയാണ് അവളുടെ മനസ്സ്. തന്റെകാര്യങ്ങൾ നേരെ ചൊവ്വെ പ്രകടിപ്പിക്കാൻ കഴിയാതെവരുമ്പോൾ മനസ്സ് നടത്തുന്ന പ്രകടനങ്ങളാണ് നാം അവളിൽ കാണുന്നത്. ഇത്തരക്കാർ മാനസിക പ്രതിരോധശക്തിയും മനക്കരുത്തും കുറഞ്ഞവരായിരിക്കും. വളർന്നുവരുന്നതിനനുസരിച്ച് ഈ രോഗം അപ്രത്യക്ഷമാവുകയും ചെയ്യും.

നിങ്ങളുടെ മകളിൽ കാണുന്ന എല്ലാ പ്രകടനങ്ങളും ഹിസ്റ്റീരിയ രോഗത്തിന്റെ ലക്ഷണങ്ങളാണ്. ദുർഭൂതത്തിന്റെയും ജിന്നിന്റേയും സേവകൾ അവളിലില്ല. പൈശാചികചിന്തകളും പുലമ്പലുകളും അപശബ്ദങ്ങളുണ്ടാക്കലും മലമൂത്രവിസർജനമില്ലാതെ ദിവസങ്ങൾ കഴിച്ചുകൂട്ടലും പ്രേതബാധയേറ്റവരെപ്പോലെ പെരുമാറലും അജ്ഞാതഭയം പ്രകടിപ്പിക്കലുമെല്ലാം ഈ രോഗത്തിന്റെ പ്രത്യേകതകളാണ്.

അവളുടെ മനസ്സിൽ അപരിഹൃതമായി കിടക്കുന്ന, മറ്റാരോടും പറയാൻ പറ്റാത്ത തരത്തിലുള്ള എന്തോ പ്രശ്നമുണ്ട്. ഇതര കുടുംബാംഗങ്ങളിൽനിന്നുള്ള അവഗണന, ഭർതൃസാമീപ്യമില്ലായ്മ, ഭർത്താവിന്റെ ലൈംഗികശേഷിക്കുറവ്, അപകർഷത, ദുരഭിമാനം, മറ്റുള്ളവരുടെ നേട്ടങ്ങളിലുള്ള അസൂയ, തന്റെ ദുഃഖങ്ങൾ അവഗണിക്കപ്പെടുന്നുവെന്ന തോന്നൽ, വിവാഹബന്ധത്തിലെ പരാജയം തുടങ്ങി നിരവധി കാരണങ്ങളിൽനിന്ന് ഇത്തരം രോഗങ്ങളുണ്ടാവാം. അവൾ വിളിച്ചുപറയുകയും കാണിക്കുകയും ചെയ്യുന്ന കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അവക്കുവേണ്ടി ചികിത്സിക്കുകയുമല്ല വേണ്ടത്. അവളുടെ രോഗത്തിന്റെ മൂലകാരണം കണ്ടെത്തുകയാണ് പ്രതിവിധി. അവളിൽ ഹിസ്റ്റീരിയ വരാനുണ്ടായ സാഹചര്യം മായ്ച്ചുകളയുന്നതോടൊപ്പം പ്രസ്തുതകാരണം ഇനിയുണ്ടാവില്ലെന്ന് അവളെ ബോധ്യപ്പെടുത്തുകയും വേണം.





രോഗസമയത്ത് കുട്ടിച്ചാത്തനെയോ ജിന്നിനെയോ അയച്ചുവെന്ന് പറയുന്നത് ഉപബോധമനസ്സിന്റെ ഒരു പ്രത്യേക തരം പ്രവർത്തനഫലമായാണ്. മനുഷ്യനായപ്പോൾ പരാജയപ്പെട്ടതിനുപകരമായി ജിന്നോ കുട്ടിച്ചാത്തനോ ആയി വിജയംവരിക്കുകയാണ് അവളുടെ ഉപബോധമനസ്സിന്റെ ലക്ഷ്യം. നിങ്ങളുടെ മകളെ വിശദമായ മാനസികാപഗ്രഥനത്തിന് വിധേയമാക്കി ചികിത്സിച്ചാൽ അവൾക്ക് വെളിച്ചം പകരാൻ കഴിയുമെന്നതിൽ സംശയമില്ല. രോഗം നൽകിയ അല്ലാഹു അതിനുള്ള ചികിത്സയും നിശ്ചയിച്ചിട്ടുണ്ട്.

അല്ലാഹു ഇച്ഛിക്കാത്തിടത്തോളം കാലം അല്ലാഹുവിന്റെ സഹായം കൂടാതെ ഒരു പിശാചിനേയും ഭയപ്പെടേണ്ടതില്ല. യഥാർത്ഥ ഇസ്ലാമികജീവിതം നയിക്കുന്നവനെ പിശാചിന് കീഴ്പ്പെടുത്താനുമാവില്ല. അനുനിമിഷം പിശാചിൽനിന്ന് രക്ഷതേടിക്കൊണ്ടാണ് മനുഷ്യന്റെ ജീവിതം. ഏത് പ്രവർത്തിയും തുടങ്ങുമ്പോൾ "അഊദു"വും "ബിസ്മി"യും കൊണ്ടായിരിക്കണമെന്നതിന്റെ ലക്ഷ്യവും ഇതുതന്നെ. സിഹ്റിനേയും പ്രശ്നം വെക്കലുകാരേയും കണക്കുനോട്ടക്കാരേയും ഇസ്ലാം ശക്തിയുക്തം എതിർക്കുന്നു. പിശാചിന്റെ ദുർബോധനങ്ങളിൽനിന്ന് രക്ഷനേടാനുള്ള വഴി പ്രാർത്ഥനയും സൽപ്രവർത്തനവുമാകുന്നു.

ഇന്ന് നമ്മുടെ നാട്ടിൽ ധാരാളം മന്ത്രവാദികളുണ്ട്. ഏത് അസുഖവും അവരുടെ അടുത്തെത്തുമ്പോൾ പൈശാചിക ബാധയായിരിക്കും. മുസ്ലിംകളും ഇത്തരക്കാരുടെ അടുത്ത് ചികിത്സക്കായി എത്തുന്നുവെന്നതാണ് ഖേദകരം. ഹോമങ്ങളും പൂജകളും നടത്തി പണം പിടുങ്ങുകയും രോഗം ബാക്കിയാവുകയും ചെയ്യുന്ന അവസ്ഥയാണ് ഇവിടങ്ങളിലുള്ളത്. ഇത്തരക്കാർക്കെതിരെ സമൂഹം കണ്ണുതുറക്കേണ്ടിയിരിക്കന്നു. ഇവരുടെ തത്വദീക്ഷയില്ലാത്ത വാക്കുകളും പ്രവർത്തികളും മൂലം ഒരുപാട് കുടുംബബന്ധങ്ങളും അയൽപക്കബന്ധങ്ങളും തകരുന്നുണ്ടെന്നത് മറ്റൊരുസത്യം.

മുൻകാലങ്ങളിൽ ഹിസ്റ്റീരിയ രോഗം വളരെ കൂടുതലായിരുന്നു. ഇന്ന് പൊതുവെ ഈ രോഗം കുറഞ്ഞുവരുന്നുണ്ട്. ഭാര്യയും ഭർത്താവും വളരെ സോഷ്യലായി പെരുമാറുകുയം പരസ്പരം വിശാലമായി ആശയവിനിമയം നടത്തുകയും സ്നേഹം എന്ന വാക്കിന് വലിയ പ്രാധാന്യം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണിത്. പണ്ട് ഭാര്യക്കും ഭർത്താവിനും വിവാഹത്തിനുമുമ്പ് പരസ്പരം കാണാനുള്ള അവസരം പോലുമില്ലായിരുന്നു. ഇന്ന് സംഗതി മാറി. പരസ്പരം കണ്ട് സംസാരിച്ച് ഇഷ്ടപ്പെട്ടാൽ മാത്രമേ വിവാഹം നടക്കൂ. എങ്കിലും പെണ്ണുകാണൽ ആഭാസകരമായ ഒരു ചടങ്ങാക്കുന്നതിനോട് യോജിപ്പില്ല.

ഹിസ്റ്റീരിയ കുറഞ്ഞുവരുന്നതിനുസരിച്ച് പുതിയ രോഗങ്ങൾ അധികരിച്ചു വരികയും ചെയ്യുന്നുണ്ട്. സൈക്കോ സൊമാറ്റിക് ഡിസോർഡർ എന്ന രോഗം പല ഭാര്യമാരിലും കണ്ടുവരുന്നു. രോഗം മനസ്സിനാണെങ്കിലും അവ ശരീരത്തിൽ കാണിക്കും. എക്സറേയിലും സ്കാനിംഗിലും രോഗങ്ങൾ കണ്ടുപിടിക്കാനുമാകില്ല. ശാരീരികഅസ്വാസ്ഥതകൾ ഏറെയുണ്ടായേക്കാമെങ്കിലും ഈ രോഗത്തിനും മനസ്സിനുതന്നെയാണ് ചികിത്സിക്കേണ്ടത്.

നിങ്ങളുടെ മകളുടെ അസുഖം മൂർധന്യതയിലെത്തിയിട്ടില്ല. ഫലപ്രദമായ മനഃശാസ്ത്ര ചികിത്സനൽകി മനസ്സിന്റെ വ്രണങ്ങൾ മായിച്ചുകളഞ്ഞാൽ അവൾക്ക് സുഖജീവിതം വീണ്ടും കൈവരും. എല്ലാം അല്ലാഹുവിലർപ്പിച്ച്, ദുഷ്ചിന്തകൾക്ക് വഴിപ്പെടാതെ, നേരായ വഴിയിലൂടെ അവൾക്ക് സാന്ത്വനം നൽകുക. അവളുടെ രോഗത്തെക്കുറിച്ച് മനസ്സിലാക്കി നയപരമായി അവളോട് പെരുമാറുക.

**അന്തർധാര** **അന്തർധാര**

മനസ്സിനുവേണ്ട ഏറ്റവും ശക്തമായ ഇന്ധനം
പ്രാർത്ഥനയിലൂടെയാണ് ലഭ്യമാകുന്നത്.

●

മലിനീകരണം ഇന്ന് സർവത്രയാണ്.
പക്ഷെ,
എന്തിനെക്കാളുമേറെ സർവമലിനീകരണത്തിന്നു
മാധാരം
ദുർഗുണ മനസുകളത്രെ